പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 414 07.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ. പി. കെ. ബഷീർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിന്, കെ.എസ്. ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ & വർമ്മ, ചാട്ടേർഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് ഭരണസമിതിയുടെ അംഗീകാരം ലഭിക്കുകയും, തുടർന്ന് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന പ്രധാന ശുപാർശകളായ വിവരസാങ്കേതികവിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൻമേൽ സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് മൂലം, കെ.എസ്. ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിച്ച് ചെലവ് കുറഞ്ഞ വരുമാനവർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനു പുറമെ സർക്കാർ നിർദ്ദേശ പ്രകാരം ഒരു പുനരുജ്ജീവന പാക്കേജ് (Revival Package) തയ്യാറാക്കി |
| (ബി) | കോർപ്പറേഷന്റെ സാമ്പത്തിക മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | | |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്. |
| (സി) | നിലവിലെ സ്ഥിതിയിൽ അടുത്ത അഞ്ച് വർഷങ്ങളിൽ കോർപ്പറേഷന്റെ വരവും ചെലവും തമ്മിലുള്ള അന്തരം എത്രയാകുമെന്നാണ് കണക്കാക്കുന്നത്; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സിയുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, പ്രതിവർഷ വരവും ചെലവും തമ്മിലുള്ള പ്രതീക്ഷിത അന്തരം 1140 കോടി രൂപയാണ്. |
| (ഡി) | കോർപ്പറേഷന്റെ പ്രവർത്തന നവീകരണത്തിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പ്രധാന പരിപാടികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ ? | (ഡി) | കോർപ്പറേഷന്റെ പ്രവർത്തന നവീകരണത്തിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പ്രധാന പരിപാടികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ